ഭാരത സർക്കാർ

നിയമ മന്ത്രാലയം

# സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009

(2009-ലെ 35-ാം നമ്പർ ആക്റ്റ്)

(2013 ഏപ്രിൽ 20-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE RIGHT OF CHILDREN TO FREE AND COMPULSORY EDUCATION ACT, 2009

(Act No. 35 of 2009)

(As on 20th April, 2013)

വില: 30 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട്, തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2013.

## ആമുഖം

2013 ഏപ്രിൽ മാസം 20-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (2009-ലെ 35-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2013 മേയ് 21-ാം തീയതിയിലെ ഭാരതത്തിന്റെ അസാധാരണ ഗസറ്റ് XI-ാം ഭാഗം, I-ാം വകുപ്പ്, 1-ാം വാല്യം, 13-ാം നമ്പരായി 1 മുതൽ 22 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50-ാം നമ്പർ ആക്റ്റ്)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

**പി. കെ. മൽഹോത്ര,**

***ഭാരത സർക്കാരിന്റെ സെക്രട്ടറി.***

## PREFACE

This edition of the Right of Children to Free and Compulsory Education Act, 2009 (Act No. 35 of 2009) as on 20th April, 2013 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. 1, No. 13 dated 21st May, 2013 on pages 1 to 22.

This authorised translation was published under the authority of the President of India under clause (a) section 2 of the Authoritative Texts (Central Laws) Act, 1973 (Act No. 50 of 1973) and on such publication it became the authoritative text of that Act in Malayalam.

P. K. MALHOTRA,

***Secretary to the Government of India.***

GCPT. 3/4006/2013

# സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009

(2009-ലെ 35-ാം നമ്പർ ആക്റ്റ്)

ഉള്ളടക്കം

അദ്ധ്യായം I

പ്രാരംഭികം


| *വകുപ്പുകൾ* | | | *പേജ്* |
|---|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | .. | 1 |
| 2. | നിർവ്വചനങ്ങൾ | .. | 1 |

അദ്ധ്യായം II

**സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം**

| | | | |
|---|---|---|---|
| 3. | സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം | .. | 4 |
| 4. | പ്രാഥമിക വിദ്യാഭ്യാസത്തിന് ചേർത്തിട്ടില്ലാത്ത അല്ലെങ്കിൽ പൂർത്തീകരിക്കാത്ത കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക വ്യവസ്ഥകൾ | .. | 4 |
| 5. | മറ്റൊരു സ്കൂളിലേക്ക് മാറ്റത്തിനുള്ള അവകാശം | .. | 5 |

അദ്ധ്യായം III

**സമുചിത സർക്കാരിന്റെയും തദ്ദേശാധികാര സ്ഥാനത്തിന്റെയും മാതാപിതാക്കളുടെയും കർത്തവ്യങ്ങൾ**

| | | | |
|---|---|---|---|
| 6. | സമുചിത സർക്കാരിന്റെയും തദ്ദേശാധികാര സ്ഥാനത്തിന്റെയും സ്കൂൾ സ്ഥാപിക്കുന്നതിനുള്ള കർത്തവ്യം | .. | 5 |
| 7. | സാമ്പത്തികമായതും അല്ലാത്തതുമായ ഉത്തരവാദിത്വങ്ങളുടെ പങ്കിടൽ | .. | 5 |
| 8. | സമുചിത സർക്കാരിന്റെ കർത്തവ്യങ്ങൾ | .. | 6 |
| 9. | തദ്ദേശാധികാരസ്ഥാനത്തിന്റെ കർത്തവ്യങ്ങൾ | .. | 7 |
| 10. | മാതാപിതാക്കളുടെയും രക്ഷാകർത്താവിന്റെയും കർത്തവ്യം | .. | 8 |
| 11. | സമുചിത സർക്കാർ പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിനുള്ള ഏർപ്പാട് ചെയ്യണമെന്ന് | .. | 8 |

അദ്ധ്യായം IV

**സ്കൂളുകളുടെയും അദ്ധ്യാപകരുടെയും ഉത്തരവാദിത്തങ്ങൾ**

| | | | |
|---|---|---|---|
| 12. | സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള സ്കൂളിന്റെ ഉത്തരവാദിത്വത്തിന്റെ വ്യാപ്തി | .. | 9 |
| 13. | പ്രവേശനത്തിനായി ക്യാപ്പിറ്റേഷൻ ഫീസോ സ്ക്രീനിംഗ് നടപടിക്രമമോ പാടില്ലായെന്ന് | .. | 10 |
| 14. | പ്രവേശനത്തിനുള്ള പ്രായത്തിന്റെ തെളിവ് | .. | 10 |

15. പ്രവേശനം നിഷേധിക്കാൻ പാടില്ലായെന്ന് .. 10
16. നിലനിർത്തുന്നതിനും പുറത്താക്കുന്നതിനും നിരോധനം .. 10
17. കുട്ടിയെ ശാരീരികമായി ശിക്ഷിക്കുന്നതിനും മാനസികമായി പീഡിപ്പിക്കുന്നതിനുമുള്ള നിരോധനം .. 10
18. അംഗീകാര സർട്ടിഫിക്കറ്റ് ലഭിക്കാതെ യാതൊരു സ്കൂളും സ്ഥാപിക്കാൻ പാടില്ലായെന്ന് .. 10
19. സ്കൂളിനുള്ള മാനദണ്ഡങ്ങളും നിലവാരങ്ങളും .. 11
20. പട്ടിക ഭേദഗതി ചെയ്യുന്നതിനുള്ള അധികാരം .. 12
21. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി .. 12
22. സ്കൂൾ വികസന പദ്ധതി .. 13
23. അദ്ധ്യാപകരുടെ നിയമനത്തിനുള്ള യോഗ്യതകളും സേവന നിബന്ധനകളും ഉപാധികളും .. 13
24. അദ്ധ്യാപകരുടെ കർത്തവ്യങ്ങളും പരാതികൾ പരിഹരിക്കലും .. 13
25. വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം .. 14
26. അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നത് .. 14
27. വിദ്യാഭ്യാസേതര ആവശ്യങ്ങൾക്കായി അദ്ധ്യാപകരെ വിന്യസിക്കുന്നതിനുള്ള നിരോധനം .. 14
28. അദ്ധ്യാപകരുടെ സ്വകാര്യ ട്യൂഷൻ നിരോധനം .. 14

അദ്ധ്യായം V

പാഠ്യപദ്ധതിയും പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പൂർത്തീകരണവും

29. പാഠ്യപദ്ധതിയും വിലയിരുത്തൽ നടപടിക്രമവും .. 15
30. പരീക്ഷയും പൂർത്തിയാക്കൽ സർട്ടിഫിക്കറ്റും .. 15

അദ്ധ്യായം VI

കുട്ടികളുടെ അവകാശ സംരക്ഷണം

31. കുട്ടിയുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം നിരീക്ഷിക്കൽ .. 16
32. പരാതികൾ പരിഹരിക്കൽ .. 16
33. ദേശീയ ഉപദേശക സമിതിയുടെ രൂപീകരണം .. 17
34. സംസ്ഥാന ഉപദേശക സമിതിയുടെ രൂപീകരണം .. 17

അദ്ധ്യായം VII

പലവക

35. നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാനുള്ള അധികാരം .. 17
36. പ്രോസിക്യൂഷന് മുൻകൂർ അനുമതി വേണമെന്ന് .. 18
37. ഉത്തമ വിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം .. 18
38. ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സമുചിത സർക്കാരിനുള്ള അധികാരം .. 18
39. വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം .. 19
പട്ടിക .. 20

# സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009

**(2009-ലെ 35-ാം നമ്പർ ആക്റ്റ്)**

[2009 ആഗസ്റ്റ്, 26]

ആറ് മുതൽ പതിനാല് വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിന് വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടിയുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപതാം സംവൽസരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം-I

### പ്രാരംഭികം

*ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.*

1. (1) ഈ ആക്റ്റിന് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനം ഒഴികെ ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത്, കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

[1][(4) ഭരണഘടനയിലെ 29-ഉം 30-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്കു വിധേയമായി, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിന് കുട്ടികൾക്ക് അവകാശങ്ങൾ നൽകുന്നതിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

(5) ഈ ആക്റ്റിൽ അടങ്ങിയിരിക്കുന്ന യാതൊന്നും മദ്രസകൾ, വേദിക് പാഠശാലകൾ, പ്രാഥമികമായി മതബോധനം നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ബാധകമാകുന്നതല്ല.]

*നിർവ്വചനങ്ങൾ.*

2. ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "സമുചിത സർക്കാർ" എന്നാൽ,—

(i) കേന്ദ്രസർക്കാരിനാലോ ഒരു നിയമനിർമ്മാണ മണ്ഡലമില്ലാത്ത യൂണിയൻപ്രദേശത്തെ അഡ്മിനിസ്ട്രേറ്ററാലോ സ്ഥാപിച്ചതോ അവയുടെ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ ആയ ഒരു സ്കൂളിനെ സംബന്ധിച്ച്, കേന്ദ്രസർക്കാർ എന്നും;

(ii) (i) -ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിരിക്കുന്ന സ്കൂൾ അല്ലാത്ത ഒരു സ്കൂളിനെ സംബന്ധിച്ച് അത് സ്ഥാപിക്കപ്പെട്ട ഭൂപ്രദേശം—

(ക) ഒരു സംസ്ഥാനത്തിനുള്ളിലാണെങ്കിൽ, സംസ്ഥാന സർക്കാർ എന്നും;

(ഖ) നിയമനിർമ്മാണമണ്ഡലമുള്ള ഒരു യൂണിയൻ പ്രദേശത്തിനുള്ളിലാണെങ്കിൽ ആ യൂണിയൻ പ്രദേശത്തെ സർക്കാർ എന്നും,

അർത്ഥമാകുന്നു;

---

[1] സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം (ഭേദഗതി) ആക്റ്റ്, 2012 (2012-ലെ 30)-ന്റെ 2-ാം വകുപ്പ് പ്രകാരം ചേർത്തത്.

DTP. 3/4006/2013.

(ഖ) "ക്യാപ്പിറ്റേഷൻ ഫീസ്" എന്നാൽ സ്കൂൾ വിജ്ഞാപനം ചെയ്ത ഫീസല്ലാതെയുള്ള ഏതെങ്കിലും തരത്തിലുള്ള ദാനമോ സംഭാവനയോ പണം കൊടുക്കലോ എന്നർത്ഥമാകുന്നു;

(ഗ) "കുട്ടി" എന്നാൽ ആറ് മുതൽ പതിനാല് വയസ്സുവരെ പ്രായമുള്ള ഒരു ആൺകുട്ടി അല്ലെങ്കിൽ പെൺകുട്ടി എന്നർത്ഥമാകുന്നു;

(ഘ) "പ്രതികൂലാവസ്ഥയിലുള്ള ഗണത്തിൽപ്പെട്ട കുട്ടി" എന്നാൽ [1][വൈകല്യത്തോടുകൂടിയ ഒരു കുട്ടി അല്ലെങ്കിൽ] പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗത്തിലോ പെട്ടതോ അല്ലെങ്കിൽ സാമൂഹികമായോ സാംസ്കാരികമായോ സാമ്പത്തികമായോ ഭൂമിശാസ്ത്രപരമായോ ഭാഷാ ശാസ്ത്രപരമായോ ലിംഗപരമായോ അല്ലെങ്കിൽ സമുചിതസർക്കാരിനാൽ വിജ്ഞാപനം വഴി വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള മറ്റ് ഘടക ത്താലോ പ്രതികൂലാവസ്ഥയിലുള്ള അങ്ങനെയുള്ള മറ്റ് ഗണത്തിൽപ്പെട്ടതോ ആയ ഒരു കുട്ടി എന്നർത്ഥമാകുന്നു;

[2](ങ) "ദുർബലവിഭാഗത്തിൽപ്പെട്ട കുട്ടി" എന്നാൽ സമുചിത സർക്കാരിനാൽ വിജ്ഞാപനം വഴി വിനിർദ്ദേശിക്കപ്പെട്ട ഏറ്റവും കുറഞ്ഞ പരിധിയിൽ താഴെ വാർഷിക വരുമാനമുള്ള അങ്ങനെയുള്ള മാതാപിതാക്ക ളുടെ അല്ലെങ്കിൽ രക്ഷിതാവിന്റെ ഒരു കുട്ടി എന്നർത്ഥമാകുന്നു;

[1](ങ്ങ) "വൈകല്യത്തോടുകൂടിയ കുട്ടി" എന്നതിൽ,—

(ക) വൈകല്യങ്ങളുള്ള ആളുകൾ (തുല്യ അവസരങ്ങളും അവകാശസംരക്ഷണവും പൂർണ്ണപങ്കാളിത്തവും) ആക്റ്റ്, 1995 (1996-ലെ 1)-ന്റെ 2-ാം വകുപ്പ് (ഝ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള വൈകല്യത്തോടുകൂടിയ ഒരു കുട്ടിയും;

(ഖ) ദിവാസ്വപ്നപ്രകൃതിയും മസ്തിഷ്ക തളർവാതവും ബുദ്ധിമാന്ദ്യവും ബഹുവിധവൈകല്യങ്ങളുമുള്ള ആളുകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ദേശീയ ട്രസ്റ്റ് ആക്റ്റ്, 1999 (1999-ലെ 44)-ന്റെ 2-ാം വകുപ്പ് (ഞ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള വൈകല്യത്തോടുകൂടിയ ഒരു ആൾ ആയിട്ടുള്ള ഒരു കുട്ടിയും;

(ഗ) ദിവാസ്വപ്നപ്രകൃതിയും മസ്തിഷ്ക തളർവാതവും ബുദ്ധിമാന്ദ്യവും ബഹുവിധവൈകല്യങ്ങളുമുള്ള ആളുകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ദേശീയ ട്രസ്റ്റ് ആക്റ്റ്, 1999 (1999-ലെ 44)-ന്റെ 2-ാം വകുപ്പ് (ണ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള "ഗുരുതരമായ വൈകല്യത്തോടു" കൂടിയ ഒരു കുട്ടിയും,

ഉൾപ്പെടുന്നു.];

(ച) "പ്രാഥമിക വിദ്യാഭ്യാസം" എന്നാൽ ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസം എന്നർത്ഥമാകുന്നു;

(ഛ) ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം "രക്ഷാകർത്താവ്" എന്നാൽ ആ കുട്ടിയുടെ പരിരക്ഷണവും സൂക്ഷിപ്പും ഉള്ള ഒരാൾ എന്നർത്ഥമാകുന്നതും അതിൽ ഒരു സ്വാഭാവിക രക്ഷാകർത്താവ് അല്ലെങ്കിൽ ഒരു കോടതിയാലോ ഒരു ലിഖിത നിയമത്താലോ നിയമിച്ച അല്ലെങ്കിൽ പ്രഖ്യാപിച്ച രക്ഷാകർത്താവ് ഉൾപ്പെടുന്നതുമാകുന്നു;

(ജ) "തദ്ദേശാധികാരസ്ഥാനം" എന്നാൽ ഒരു മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ജില്ലാ പരിഷത്തോ നഗര പഞ്ചായത്തോ, പഞ്ചായത്തോ, എന്തു പേരിനാൽ വിളിക്കപ്പെട്ടാലും, എന്നർത്ഥമാകുന്നതും അതിൽ സ്കൂളിനുമേൽ ഭരണപരമായ

---

[1] സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം (ഭേദഗതി) ആക്റ്റ്, 2012 (2012-ലെ 30)-ന്റെ 3-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം ചേർത്തത്.

[2] മേൽപ്പറഞ്ഞ ആക്റ്റിന്റെ 3-ാം വകുപ്പ് (ഖ) ഖണ്ഡപ്രകാരം ചേർത്തത്.

നിയന്ത്രണമുള്ളതും അല്ലെങ്കിൽ ഏതെങ്കിലും നഗരത്തിലോ ടൗണിലോ ഗ്രാമത്തിലോ തദ്ദേശാധികാരസ്ഥാനമായി പ്രവർത്തിക്കുവാൻ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താലോ അതിൻകീഴിലോ അധികാരപ്പെടുത്തിയിട്ടുള്ള അങ്ങനെയുള്ള മറ്റ് അധികാരസ്ഥാനം അല്ലെങ്കിൽ നികായം ഉൾപ്പെടുന്നതുമാകുന്നു;

(ഝ) "ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ദേശീയ കമ്മീഷൻ" എന്നാൽ, ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ്, 2005 (2006-ലെ 4)-ന്റെ 3-ാം വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ദേശീയ കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഞ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ട) "മാതാപിതാക്കളിൽ ഒരാൾ" എന്നാൽ ഒരു കുട്ടിയുടെ പ്രകൃത്യാ ഉള്ള അല്ലെങ്കിൽ വളർത്ത് അല്ലെങ്കിൽ ദത്ത് പിതാവോ മാതാവോ എന്നർത്ഥമാകുന്നു;

(ഠ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡ) "പട്ടിക" എന്നാൽ ഈ ആക്റ്റിന് അനുബന്ധമായിട്ടുള്ള പട്ടിക എന്നർത്ഥമാകുന്നു;

(ഢ) "സ്കൂൾ" എന്നാൽ പ്രാഥമിക വിദ്യാഭ്യാസം നൽകുന്ന ഏതെങ്കിലും അംഗീകൃത സ്കൂൾ എന്നർത്ഥമാകുന്നതും അതിൽ—

(i) സമുചിത സർക്കാരിനാലോ ഒരു തദ്ദേശാധികാര സ്ഥാനത്താലോ സ്ഥാപിച്ചതോ അവയുടെ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ ആയ ഒരു സ്കൂൾ;

(ii) സമുചിത സർക്കാരിൽനിന്നോ തദ്ദേശാധികാര സ്ഥാനത്തിൽ നിന്നോ അതിന്റെ ചെലവുകൾ മുഴുവനായോ, ഭാഗികമായോ വഹിക്കുന്നതിന് സഹായമോ ഗ്രാന്റുകളോ സ്വീകരിക്കുന്ന ഒരു എയ്ഡഡ് സ്കൂൾ;

(iii) വിനിർദ്ദേശിക്കപ്പെട്ട വിഭാഗത്തിലുള്ള ഒരു സ്കൂൾ;

(iv) സമുചിത സർക്കാരിൽ നിന്നോ തദ്ദേശ അധികാരസ്ഥാനത്തിൽ നിന്നോ അതിന്റെ ചെലവുകൾ മുഴുവനായോ, ഭാഗികമായോ വഹിക്കുന്നതിന് യാതൊരു വിധത്തിലുള്ള സഹായമോ ഗ്രാന്റുകളോ സ്വീകരിക്കാത്ത ഒരു അൺ-എയ്ഡഡ് സ്കൂൾ,

എന്നിവ ഉൾപ്പെടുന്നതുമാകുന്നു.

(ണ) "സ്ക്രീനിംഗ് നടപടിക്രമം" എന്നാൽ ചിട്ടയില്ലാത്ത രീതിയിലല്ലാതെ മറ്റൊരാളുടെ മുകളിൽ മുൻഗണന നൽകിക്കൊണ്ട് ഒരു കുട്ടിയുടെ പ്രവേശനത്തിന് വേണ്ടിയുള്ള തെരഞ്ഞെടുപ്പ് രീതി എന്നർത്ഥമാകുന്നു;

(ത) ഒരു സ്കൂളിനെ സംബന്ധിച്ച്, "വിനിർദ്ദേശിക്കപ്പെട്ട വിഭാഗം" എന്നാൽ കേന്ദ്രീയ വിദ്യാലയ, നവോദയ വിദ്യാലയ, സൈനിക് സ്കൂൾ എന്നറിയപ്പെടുന്ന ഒരു സ്കൂൾ അല്ലെങ്കിൽ സമുചിത സർക്കാരിനാൽ വിജ്ഞാപനംവഴി വിനിർദ്ദേശിക്കപ്പെടാവുന്ന ഒരു സവിശേഷ സ്വഭാവമുള്ള മറ്റേതെങ്കിലും സ്കൂൾ എന്നർത്ഥമാകുന്നു;

(ഥ) "ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സംസ്ഥാന കമ്മീഷൻ" എന്നാൽ, ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ്, 2005 (2006-ലെ 4)-ന്റെ 3-ാം വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സംസ്ഥാന കമ്മീഷൻ എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം

*സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടിയുടെ അവകാശം.*

3. [1][(1) 2-ാം വകുപ്പ് (ഘ) ഖണ്ഡത്തിൽ അല്ലെങ്കിൽ (ങ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു കുട്ടിയുൾപ്പെടെ ആറ് മുതൽ പതിനാല് വയസ്സുവരെ പ്രായമുള്ള ഓരോ കുട്ടിക്കും അവന്റെ അല്ലെങ്കിൽ അവളുടെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാകുന്നതുവരെ സമീപപ്രദേശത്തെ ഒരു സ്കൂളിൽ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.]

(2) (1)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി യാതൊരു കുട്ടിയും അവന്റെയോ അവളുടെയോ പ്രാഥമിക വിദ്യാഭ്യാസം തുടരുന്നതിനും പൂർത്തീകരിക്കുന്നതിനും തടസ്സം നിൽക്കുന്ന ഏതെങ്കിലും തരത്തിലുള്ള ഫീസോ ചാർജ്ജുകളോ ചെലവുകളോ നൽകുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുന്നതല്ല.

[2][******]

[3][(3) വൈകല്യങ്ങളുള്ള ആളുകൾ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) ആക്റ്റ്, 1995-ന്റെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, 2-ാം വകുപ്പ് (ഞ) ഖണ്ഡത്തിന്റെ (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വൈകല്യത്തോടുകൂടിയ ഒരു കുട്ടിക്കും, 2-ാം വകുപ്പ് (ഞ) ഖണ്ഡത്തിലെ (ഖ)-യും (ഗ)-യും ഉപഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ഒരു കുട്ടിക്കും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം തുടരുന്നതിന്, വൈകല്യങ്ങളുള്ള ആളുകൾ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) ആക്റ്റ്, 1995-ന്റെ V-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കുകീഴിൽ വരുന്ന വൈകല്യങ്ങളുള്ള കുട്ടികൾക്കുള്ള അതേ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, ദിവാസ്വപ്നപ്രകൃതിയും മസ്തിഷ്ക തളർവാതവും ബുദ്ധിമാന്ദ്യവും ബഹുവിധവൈകല്യങ്ങളുമുള്ള ആളുകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ദേശീയ ട്രസ്റ്റ് ആക്റ്റ്, 1999-ന്റെ 2-ാം വകുപ്പിലെ (ജ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള "ബഹുവിധ വൈകല്യങ്ങൾ ഉള്ള" ഒരു കുട്ടിക്കും (ണ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള "ഗുരുതരമായ വൈകല്യം" ഉള്ള ഒരു കുട്ടിക്കും ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം കൂടി ഉണ്ടായിരിക്കാവുന്നതാണ്.]

*പ്രാഥമിക വിദ്യാഭ്യാസത്തിന് ചേർത്തിട്ടില്ലാത്ത അല്ലെങ്കിൽ പൂർത്തീകരിക്കാത്ത കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക വ്യവസ്ഥകൾ.*

4. ആറ് വയസ്സിന് മുകളിൽ പ്രായമുള്ള ഒരു കുട്ടിയെ ഏതെങ്കിലും സ്കൂളിൽ ചേർത്തിട്ടില്ലാത്തിടത്ത് അഥവാ ചേർത്തിട്ടുണ്ടെങ്കിലും, അവനോ അവൾക്കോ പ്രാഥമികവിദ്യാഭ്യാസം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തിടത്ത്, അവനെ അല്ലെങ്കിൽ അവളെ, അവന്റെ അല്ലെങ്കിൽ അവളുടെ പ്രായത്തിന് യോജിച്ച ഒരു ക്ലാസ്സിൽ ചേർക്കേണ്ടതാണ്:

എന്നാൽ, ഒരു കുട്ടിയെ അവന്റെയോ അവളുടെയോ പ്രായത്തിനു യോജിച്ച ക്ലാസിൽ നേരിട്ട് ചേർത്തിട്ടുള്ളിടത്ത് അവന് അല്ലെങ്കിൽ അവൾക്ക് മറ്റുള്ളവരുമായി സമാനതയുണ്ടാകുന്നതിലേക്ക് വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള സമയപരിധികൾക്കുള്ളിലും പ്രത്യേകം പരിശീലനം ലഭിക്കുന്നതിനുള്ള ഒരു അവകാശം ഉണ്ടായിരിക്കുന്നതാണ്:

---

[1] സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം (ഭേദഗതി) ആക്റ്റ്, 2012 (2012-ലെ 30)-ന്റെ 4-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം പകരം ചേർത്തത്.

[2] മേൽപ്പറഞ്ഞ ആക്റ്റിന്റെ 4-ാം വകുപ്പ് (ഖ) ഖണ്ഡപ്രകാരം വിട്ടുകളഞ്ഞു.

[3] മേൽപ്പറഞ്ഞ ആക്റ്റിന്റെ 4-ാം വകുപ്പ് (ഗ) ഖണ്ഡപ്രകാരം ചേർത്തത്.

എന്നുമാത്രമല്ല, പ്രാഥമിക വിദ്യാഭ്യാസത്തിന് അപ്രകാരം ചേർത്തിട്ടുള്ള ഒരു കുട്ടിക്ക് പതിനാല് വയസ്സിനുശേഷവും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാകുന്നതുവരെ സൗജന്യ വിദ്യാഭ്യാസത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

*മറ്റൊരു സ്കൂളിലേക്ക് മാറ്റത്തിനുള്ള അവകാശം.*

5. (1) ഒരു സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുവാൻ യാതൊരു വ്യവസ്ഥയുമില്ലാത്തിടത്ത്, ഒരു കുട്ടിക്ക് അവന്റെയോ അവളുടെയോ പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിനുവേണ്ടി 2-ാം വകുപ്പ് (ഢ) ഖണ്ഡത്തിന്റെ (iii)-ഉം (iv)-ഉം ഉപഖണ്ഡങ്ങളിൽ വിനിർദ്ദേശിക്കപ്പെട്ട സ്കൂൾ ഒഴികെ, മറ്റേതൊരു സ്കൂളിലേക്കും മാറ്റം തേടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) ഒരു കുട്ടിയോട് ഒരു സ്കൂളിൽ നിന്നും ഒരു സംസ്ഥാനത്തിനുള്ളിലോ പുറത്തോ ഉള്ള മറ്റൊരു സ്കൂളിലേക്ക് പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടിട്ടുള്ളിടത്ത്, അത് എന്തു കാരണത്താൽ തന്നെയായിരുന്നാലും, അങ്ങനെയുള്ള കുട്ടിക്ക് അവന്റെയോ അവളുടെയോ പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിനുവേണ്ടി 2-ാം വകുപ്പ് (ഢ) ഖണ്ഡത്തിന്റെ (iii)-ഉം (iv)-ഉം ഉപഖണ്ഡങ്ങളിൽ വിനിർദ്ദേശിക്കപ്പെട്ട സ്കൂൾ ഒഴികെ, മറ്റേതൊരു സ്കൂളിലേക്കും മാറ്റം തേടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

(3) അങ്ങനെയുള്ള മറ്റ് സ്കൂളിലേക്ക് പ്രവേശനം തേടുന്നതിനുവേണ്ടി, അത്തരത്തിലുള്ള കുട്ടി അവസാനം പ്രവേശനം നേടിയിട്ടുള്ള സ്കൂളിന്റെ പ്രധാന അദ്ധ്യാപകനോ അഥവാ ചാർജ്ജുള്ള ആളോ ഉടൻ തന്നെ വിടുതൽ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ് :

എന്നാൽ, വിടുതൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനുള്ള കാലതാമസം അങ്ങനെയുള്ള മറ്റ് സ്കൂളിലേക്ക് പ്രവേശനം വൈകിക്കുന്നതിനോ നിഷേധിക്കുന്നതിനോ ഉള്ള ഒരു കാരണം ആകാൻ പാടുള്ളതല്ല :

എന്നുമാത്രമല്ല, വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് കാലതാമസം ഉണ്ടാക്കുന്ന സ്കൂളിന്റെ പ്രധാന അദ്ധ്യാപകനോ ചാർജ്ജുള്ള ആളോ അയാൾക്ക് അല്ലെങ്കിൽ അവൾക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങളിൻകീഴിൽ അച്ചടക്കനടപടിക്ക് ബാദ്ധ്യസ്ഥൻ ആയിരിക്കുന്നതാണ്.

## അദ്ധ്യായം III

## സമുചിത സർക്കാരിന്റെയും തദ്ദേശാധികാരസ്ഥാനത്തിന്റെയും മാതാപിതാക്കളുടെയും കർത്തവ്യങ്ങൾ

*സമുചിത സർക്കാരിന്റെയും തദ്ദേശാധികാരസ്ഥാന ത്തിന്റെയും സ്കൂൾ സ്ഥാപിക്കുന്നതിനുള്ള കർത്തവ്യം.*

6. ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി, സമുചിത സർക്കാരും തദ്ദേശാധികാരസ്ഥാനവും, നിർണ്ണയിച്ചേക്കാവുന്ന അങ്ങനെയുള്ള പ്രദേശത്തിനുള്ളിലോ സമീപപ്രദേശങ്ങളുടെ പരിധികൾക്കുള്ളിലോ ഒരു സ്കൂൾ, അത് അങ്ങനെ സ്ഥാപിക്കപ്പെടാത്തിടത്ത്, ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ മൂന്ന് വർഷക്കാലയളവിനുള്ളിൽ സ്ഥാപിക്കേണ്ടതാണ്.

*സാമ്പത്തികമായതും അല്ലാത്തതുമായ ഉത്തരവാദിത്വങ്ങളുടെ പങ്കിടൽ.*

7. (1) ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ഫണ്ടുകൾ ലഭ്യമാക്കുന്നതിൽ കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും സമവർത്തിയായ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

DTP. 3/4006/2013.

(2) ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള മൂലധനത്തിന്റേയും ആവർത്തന ചെലവുകളുടെയും അടങ്കലുകൾ കേന്ദ്രസർക്കാർ തയ്യാറാക്കേണ്ടതാണ്.

(3) കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ സംസ്ഥാന സർക്കാരുകളുമായി ആലോചിച്ചശേഷം അത് നിശ്ചയിച്ചേക്കാവുന്ന (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ചെലവിന്റെ അങ്ങനെയുള്ള ശതമാനം, സംസ്ഥാന സർക്കാരുകൾക്ക് റവന്യൂവിന്റെ സഹായക ഗ്രാന്റുകളായി ലഭ്യമാക്കേണ്ടതാണ്.

(4) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ഏതെങ്കിലും സംസ്ഥാനസർക്കാരിന് അതിന്റെ ഫണ്ടുകളുടെ വിഹിതം നൽകാനാവുംവിധം പ്രസ്തുത സംസ്ഥാനസർക്കാരിന് അധികവിഭവങ്ങൾ നൽകുന്നതിന്റെ ആവശ്യകത പരിശോധിക്കുന്നതിലേക്ക് 280-ാം അനുച്ഛേദം (3)-ാം ഖണ്ഡത്തിന്റെ (ഘ) ഉപഖണ്ഡപ്രകാരം ധനകാര്യ കമ്മീഷന് ഒരു റഫറൻസ് നൽകുവാൻ കേന്ദ്രസർക്കാരിന് രാഷ്ട്രപതിയോട് അഭ്യർത്ഥിക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന സർക്കാർ, (3)-ാം ഉപവകുപ്പ് പ്രകാരം കേന്ദ്ര സർക്കാർ ഒരു സംസ്ഥാന സർക്കാരിന് ലഭ്യമാക്കിയ തുകകളും അതിന്റെ മറ്റ് വിഭവങ്ങളും പരിഗണനയിൽ എടുത്തുകൊണ്ട്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ഫണ്ടുകൾ ലഭ്യമാക്കുന്നതിന് ഉത്തരവാദിയായിരിക്കുന്നതാണ്.

(6) കേന്ദ്രസർക്കാർ—

(ക) 29-ാം വകുപ്പ് പ്രകാരം വിനിർദ്ദേശിച്ച അക്കാഡമിക് അതോറിട്ടിയുടെ സഹായത്തോടെ ദേശീയ പാഠ്യപദ്ധതിയുടെ ഒരു ചട്ടക്കൂട് വികസിപ്പിക്കേണ്ടതും;

(ഖ) അദ്ധ്യാപകരുടെ പരിശീലനത്തിന്റെ നിലവാരം മെച്ചപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതും;

(ഗ) നൂതനരീതികളും ഗവേഷണങ്ങളും ആസൂത്രണവും ശേഷി ആർജ്ജിക്കലും പ്രോൽസാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് സാങ്കേതിക സഹായവും വിഭവങ്ങളും നൽകേണ്ടതുമാണ്.

*സമുചിത സർക്കാരിന്റെ കർത്തവ്യങ്ങൾ.*

8. സമുചിത സർക്കാർ—

(ക) ഓരോ കുട്ടിക്കും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകേണ്ടതും :

എന്നാൽ, ഒരു കുട്ടിയെ അവന്റെ അല്ലെങ്കിൽ അവളുടെ മാതാപിതാക്കളോ രക്ഷാകർത്താവോ, അതത് സംഗതിപോലെ, പ്രവേശിപ്പിച്ചിരിക്കുന്നത് സമുചിത സർക്കാരോ ഒരു തദ്ദേശാധികാര സ്ഥാനമോ സ്ഥാപിച്ചതോ അതിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതോ അല്ലെങ്കിൽ നേരിട്ടോ നേരിട്ടല്ലാതെയോ ഗണ്യമായി ഫണ്ടുകൾ വഴി ധനസഹായം നൽകിയതോ അല്ലാതെയുള്ള ഒരു സ്കൂളിലായിരിക്കുന്നിടത്ത്, അങ്ങനെയുള്ള കുട്ടിക്ക് അല്ലെങ്കിൽ അവന്റെ അഥവാ അവളുടെ മാതാപിതാക്കൾക്കോ രക്ഷാകർത്താവിനോ, അതത് സംഗതിപോലെ, കുട്ടിയുടെ പ്രാഥമിക വിദ്യാഭ്യാസത്തിന് അങ്ങനെയുള്ള മറ്റ് സ്കൂളിലുണ്ടായ ചെലവ് തിരികെ കിട്ടുന്നതിനായി അവകാശമുന്നയിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

വിശദീകരണം:—"നിർബന്ധിത വിദ്യാഭ്യാസം" എന്ന പദത്തിന്—

(i) ആറ് മുതൽ പതിനാല് വയസ്സുവരെയുള്ള ഓരോ കുട്ടിക്കും സൗജന്യ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനും;

(ii) ആറ് മുതൽ പതിനാല് വയസ്സുവരെയുള്ള ഓരോ കുട്ടിയുടെയും നിർബന്ധിത പ്രവേശനവും ഹാജരും പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പൂർത്തീകരണവും ഉറപ്പാക്കുന്നതിനും,

ഉള്ള സമുചിത സർക്കാരിന്റെ ചുമതല എന്നർത്ഥമാകുന്നു;

(ഖ) 6-ാം വകുപ്പിൽ വിനിർദ്ദേശിച്ച പ്രകാരമുള്ള ഒരു സമീപ പ്രദേശ സ്കൂളിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടതും;

(ഗ) ദുർബല വിഭാഗത്തിൽപ്പെടുന്ന കുട്ടിക്കും പ്രതികൂലാവസ്ഥയിലുള്ള ഗണത്തിൽപ്പെടുന്ന കുട്ടിക്കും എതിരെ വിവേചനം കാണിക്കുന്നില്ലെന്നും ഏതെങ്കിലും കാരണങ്ങളിൻമേൽ പ്രാഥമിക വിദ്യാഭ്യാസം തുടരുന്നതിൽ നിന്നും പൂർത്തിയാക്കുന്നതിൽ നിന്നും അവരെ തടസ്സപ്പെടുത്തുന്നില്ലെന്നും ഉറപ്പാക്കേണ്ടതും;

(ഘ) സ്കൂൾ കെട്ടിടവും അദ്ധ്യാപകരും പഠനോപകരണങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകേണ്ടതും ;

(ങ) 4-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പ്രത്യേക പരിശീലന സൗകര്യം നൽകേണ്ടതും;

(ച) ഓരോ കുട്ടിയുടേയും പ്രവേശനവും ഹാജരും പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പൂർത്തീകരണവും ഉറപ്പുവരുത്തേണ്ടതും നിരീക്ഷിക്കേണ്ടതും;

(ഛ) പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിലവാരങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുരൂപമായ നല്ല ഗുണനിലവാരമുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടതും;

(ജ) പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള പാഠ്യപദ്ധതിയുടെയും പഠനകോഴ്സുകളുടേയും സമയോചിതമായ നിർണ്ണയിക്കൽ ഉറപ്പാക്കേണ്ടതും;

(ഝ) അദ്ധ്യാപകർക്ക് പരിശീലന സൗകര്യം നൽകേണ്ടതുമാണ്.

*തദ്ദേശാധികാര സ്ഥാനത്തിന്റെ കർത്തവ്യങ്ങൾ.*

9. ഓരോ തദ്ദേശാധികാരസ്ഥാനവും,—

(ക) ഓരോ കുട്ടിക്കും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകേണ്ടതും;

എന്നാൽ, ഒരു കുട്ടിയെ അവന്റെ അല്ലെങ്കിൽ അവളുടെ മാതാപിതാക്കളോ രക്ഷാകർത്താവോ, അതത് സംഗതിപോലെ, പ്രവേശിപ്പിച്ചിരിക്കുന്നത് സമുചിത സർക്കാരോ ഒരു തദ്ദേശാധികാരസ്ഥാനമോ സ്ഥാപിച്ചതോ അതിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതോ അല്ലെങ്കിൽ നേരിട്ടോ നേരിട്ടല്ലാതെയോ ഗണ്യമായി ഫണ്ടുകൾ വഴി ധനസഹായം നൽകിയതോ അല്ലാതെയുള്ള ഒരു സ്കൂളിലായിരിക്കുന്നിടത്ത്, അങ്ങനെയുള്ള കുട്ടിക്ക് അല്ലെങ്കിൽ അവന്റെ അഥവാ അവളുടെ മാതാപിതാക്കൾക്കോ രക്ഷാകർത്താവിനോ, അതതു സംഗതിപോലെ, കുട്ടിയുടെ പ്രാഥമിക വിദ്യാഭ്യാസത്തിന് അങ്ങനെയുള്ള മറ്റ് സ്കൂളിലുണ്ടായ ചെലവ് തിരികെ കിട്ടുന്നതിനായി അവകാശം ഉന്നയിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(ഖ) 6-ാം വകുപ്പിൽ വിനിർദ്ദേശിച്ച പ്രകാരമുള്ള ഒരു സമീപ പ്രദേശ സ്കൂളിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടതും;

(ഗ) ദുർബല വിഭാഗത്തിൽപ്പെടുന്ന കുട്ടിക്കും പ്രതികൂലാവസ്ഥ യിലുള്ള ഗണത്തിൽപ്പെടുന്ന കുട്ടിക്കും എതിരെ വിവേചനം കാണിക്കു ന്നില്ലെന്നും ഏതെങ്കിലും കാരണങ്ങളിൻമേൽ പ്രാഥമിക വിദ്യാഭ്യാസം തുടരുന്നതിൽ നിന്നും പൂർത്തിയാക്കുന്നതിൽ നിന്നും അവരെ തടസ്സപ്പെടുത്തുന്നില്ലെന്നും ഉറപ്പാക്കേണ്ടതും;

(ഘ) നിർണ്ണയിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിൽ അതിന്റെ അധികാരിതയ്ക്കുള്ളിൽ താമസിക്കുന്ന പതിനാല് വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ റിക്കാർഡുകൾ സൂക്ഷിക്കേണ്ടതും ;

(ങ) അതിന്റെ അധികാരിതയ്ക്കുള്ളിൽ താമസിക്കുന്ന ഓരോ കുട്ടിയുടെയും പ്രവേശനവും ഹാജരും പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പൂർത്തീകരണവും ഉറപ്പുവരുത്തേണ്ടതും നിരീക്ഷിക്കേണ്ടതും;

(ച) സ്കൂൾ കെട്ടിടവും അദ്ധ്യാപകരും പഠനോപകരണങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകേണ്ടതും;

(ഛ) 4-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പ്രത്യേക പരിശീലന സൗകര്യം നൽകേണ്ടതും;

(ജ) പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിലവാരങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുരൂപമായ നല്ല ഗുണനിലവാരമുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടതും;

(ഝ) പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള പാഠ്യപദ്ധതിയുടെയും പഠനകോഴ്സുകളുടെയും സമയോചിതമായ നിർണ്ണയിക്കൽ ഉറപ്പാക്കേണ്ടതും;

(ഞ) അദ്ധ്യാപകർക്ക് പരിശീലന സൗകര്യം നൽകേണ്ടതും;

(ട) കുടിയേറ്റ കുടുംബങ്ങളിലെ കുട്ടികളുടെ പ്രവേശനം ഉറപ്പാക്കേണ്ടതും;

(ഠ) അതിന്റെ അധികാരിതയ്ക്കുള്ളിലുള്ള സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കേണ്ടതും;

(ഡ) അദ്ധ്യയന കലണ്ടർ നിശ്ചയിക്കേണ്ടതുമാണ്.

*മാതാപിതാക്കളുടെയും രക്ഷാകർത്താവിന്റെയും കർത്തവ്യം.*

10. അവന്റെ അല്ലെങ്കിൽ അവളുടെ കുട്ടിയെ അല്ലെങ്കിൽ രക്ഷാധീനനെ, അതത് സംഗതിപോലെ, സമീപപ്രദേശത്തുള്ള ഒരു സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനായി പ്രവേശിപ്പിക്കുക അല്ലെങ്കിൽ പ്രവേശിപ്പിക്കുവാൻ ഇടയാക്കുക എന്നത് ഓരോ മാതാവിന്റെയും പിതാവിന്റെയും അല്ലെങ്കിൽ രക്ഷാകർത്താവിന്റെയും കർത്തവ്യ മായിരിക്കുന്നതാണ്.

*സമുചിത സർക്കാർ പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിനുള്ള ഏർപ്പാട് ചെയ്യണമെന്ന്.*

11. മൂന്ന് വയസ്സിന് മുകളിലുള്ള കുട്ടികളെ പ്രാഥമിക വിദ്യാഭ്യാസ ത്തിന് തയ്യാറാക്കുക എന്ന വീക്ഷണത്തോടും ആറ് വയസ്സ് പ്രായം പൂർത്തിയാകുന്നതുവരെ എല്ലാ കുട്ടികൾക്കും ആദ്യകാല ബാല്യസംരക്ഷ ണവും വിദ്യാഭ്യാസവും നൽകുന്നതിനുവേണ്ടിയും അങ്ങനെയുള്ള കുട്ടികൾക്ക് സൗജന്യ പ്രീ-സ്കൂൾ വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ ഏർപ്പാട് സമുചിത സർക്കാരിന് ഉണ്ടാക്കാവുന്നതാണ്.

അദ്ധ്യായം IV

## സ്കൂളുകളുടെയും അദ്ധ്യാപകരുടെയും ഉത്തരവാദിത്വങ്ങൾ

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള സ്കൂളിന്റെ ഉത്തരവാദിത്വത്തിന്റെ വ്യാപ്തി.

12. (1) ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി,—

(ക) 2-ാം വകുപ്പ് (ഢ) ഖണ്ഡം (i)-ാം ഉപഖണ്ഡത്തിൽ വിനിർദ്ദേശിച്ച ഒരു സ്കൂൾ അതിൽ പ്രവേശിപ്പിച്ച എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകേണ്ടതും ;

(ഖ) 2-ാം വകുപ്പ് (ഢ) ഖണ്ഡം (ii)-ാം ഉപഖണ്ഡത്തിൽ വിനിർദ്ദേശിച്ച ഒരു സ്കൂൾ, അതിന് അങ്ങനെ ലഭിച്ച വാർഷിക ആവർത്തന സഹായത്തിന് അല്ലെങ്കിൽ ഗ്രാന്റുകൾക്ക് അതിന്റെ വാർഷിക ആവർത്തന ചെലവുകളുമായുള്ള അങ്ങനെയുള്ള അനുപാതത്തിൽ, ഏറ്റവും കുറഞ്ഞത് ഇരുപത്തിയഞ്ച് ശതമാനത്തിന് വിധേയമായി അതിൽ പ്രവേശിപ്പിച്ചിട്ടുള്ള കുട്ടികൾക്ക്, സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകേണ്ടതും ;

(ഗ) 2-ാം വകുപ്പ് (ഢ) ഖണ്ഡം (iii)-ഉം (iv)-ഉം ഉപഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ച ഒരു സ്കൂൾ 1-ാം ക്ലാസ്സിൽ, ആ ക്ലാസ്സിലെ സംഖ്യാബലത്തിന്റെ ഏറ്റവും കുറഞ്ഞത് ഇരുപത്തിയഞ്ച് ശതമാനം വരെയെങ്കിലും സമീപപ്രദേശങ്ങളിലെ ദുർബല വിഭാഗത്തിലും പ്രതികൂലാവസ്ഥയിലുള്ള ഗണത്തിലും പെടുന്നതായ കുട്ടികളെ പ്രവേശിപ്പിക്കേണ്ടതും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം അതിന്റെ പൂർത്തീകരണംവരെ നൽകേണ്ടതുമാണ് :

എന്നുമാത്രമല്ല, 2-ാം വകുപ്പ് (ഢ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒരു സ്കൂൾ പ്രീ-സ്കൂൾ വിദ്യാഭ്യാസം നൽകുന്നിടത്ത്, അങ്ങനെയുള്ള പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിനുള്ള പ്രവേശനത്തിന് (ക) മുതൽ (ഗ) വരെയുള്ള ഖണ്ഡങ്ങളിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ച പ്രകാരമുള്ള സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്ന 2-ാം വകുപ്പ് (ഢ) ഖണ്ഡം (iv)-ാം ഉപഖണ്ഡത്തിൽ വിനിർദ്ദേശിച്ച സ്കൂളിന്, അങ്ങനെ അത് നേരിട്ട ചെലവ്, ഒരു കുട്ടിക്കുവേണ്ടി സംസ്ഥാനം നേരിട്ട ചെലവിന്റെ അത്രയുമോ, അല്ലെങ്കിൽ ആ കുട്ടിയിൽ നിന്നും ഈടാക്കിയ യഥാർത്ഥ തുകയോ, ഇതിൽ ഏതാണോ കുറവ് അത്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ, തിരികെ നൽകേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള തിരിച്ചു നൽകൽ 2-ാം വകുപ്പ് (ഢ) ഖണ്ഡം (i)-ാം ഉപഖണ്ഡത്തിൽ വിനിർദ്ദേശിച്ച ഒരു സ്കൂളിന് ഒരു കുട്ടിക്കുവേണ്ടി നേരിട്ട ചെലവിൽ കൂടുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, അങ്ങനെയുള്ള സ്കൂൾ സൗജന്യമായോ സൗജന്യ നിരക്കിലോ ഏതെങ്കിലും ഭൂമിയോ കെട്ടിടമോ ഉപകരണമോ അല്ലെങ്കിൽ മറ്റ് സൗകര്യങ്ങളോ സ്വീകരിച്ചിരിക്കുന്ന കാരണത്താൽ വിനിർദ്ദേശിച്ച എണ്ണം കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനുള്ള ബാദ്ധ്യത അതിന് നേരത്തെ തന്നെ ഉണ്ടായിരിക്കുന്നിടത്ത്, അങ്ങനെയുള്ള ബാദ്ധ്യതയോളമാകുന്ന ചെലവ് തിരികെ ലഭിക്കുന്നതിന് അങ്ങനെയുള്ള സ്കൂളിന് അവകാശമുണ്ടായിരിക്കുന്നതല്ല.

(3) സമുചിത സർക്കാരോ തദ്ദേശാധികാരസ്ഥാനമോ, അതത് സംഗതിപോലെ, ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള വിവരങ്ങൾ ഓരോ സ്കൂളും നൽകേണ്ടതാണ്.

*പ്രവേശനത്തിനായി ക്യാപ്പിറ്റേഷൻ ഫീസോ സ്ക്രീനിംഗ് നടപടിക്രമമോ പാടില്ലായെന്ന്.*

13. (1) ഒരു സ്കൂളോ അല്ലെങ്കിൽ ആളോ, ഒരു കുട്ടിയെ പ്രവേശിപ്പിക്കുമ്പോൾ ഏതെങ്കിലും ക്യാപ്പിറ്റേഷൻ ഫീസ് സമാഹരിക്കുവാൻ പാടില്ലാത്തതും കുട്ടിയെയോ അവന്റെയോ അവളുടെയോ മാതാപിതാക്കളെയോ രക്ഷാകർത്താവിനെയോ ഏതെങ്കിലും സ്ക്രീനിംഗ് നടപടിക്രമത്തിന് വിധേയരാക്കുവാൻ പാടില്ലാത്തതുമാണ്.

(2) (1)-ാം ഉപവകുപ്പിന്റെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും സ്കൂളോ ആളോ,—

(ക) ക്യാപ്പിറ്റേഷൻ ഫീസ് സ്വീകരിക്കുകയാണെങ്കിൽ ചുമത്തിയ ക്യാപ്പിറ്റേഷൻ ഫീസിന്റെ പത്തിരട്ടി വരെയാകാവുന്ന പിഴയോടുകൂടി ശിക്ഷിക്കപ്പെടേണ്ടതും ;

(ഖ) ഒരു കുട്ടിയെ സ്ക്രീനിംഗ് നടപടിക്രമത്തിന് വിധേയനാക്കുന്നുവെങ്കിൽ, ആദ്യലംഘനത്തിന് ഇരുപത്തയ്യായിരം രൂപവരെയാകാവുന്നതും തുടർന്നുള്ള ഓരോ ലംഘനത്തിനും അൻപതിനായിരം രൂപവരെയാകാവുന്നതുമായ പിഴയോടുകൂടി ശിക്ഷിക്കപ്പെടേണ്ടതുമാണ്.

*പ്രവേശനത്തിനുള്ള പ്രായത്തിന്റെ തെളിവ്.*

14. (1) പ്രാഥമിക വിദ്യാഭ്യാസത്തിനായുള്ള പ്രവേശനത്തിന്റെ ആവശ്യങ്ങൾക്കായി, ഒരു കുട്ടിയുടെ പ്രായം, ജനന, മരണ, വിവാഹ രജിസ്ട്രേഷൻ ആക്റ്റ്, 1886 (1886-ലെ 6)-ന്റെ വ്യവസ്ഥകളനുസരിച്ച് നൽകിയിട്ടുള്ള ജനനസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു പ്രമാണത്തിന്റെ അടിസ്ഥാനത്തിലോ നിശ്ചയിക്കേണ്ടതാണ്.

(2) പ്രായത്തിനുള്ള തെളിവിന്റെ അഭാവത്തിൽ യാതൊരു കുട്ടിക്കും ഒരു സ്കൂളിൽ പ്രവേശനം നിഷേധിക്കാൻ പാടുള്ളതല്ല.

*പ്രവേശനം നിഷേധിക്കാൻ പാടില്ലായെന്ന്.*

15. ഒരു കുട്ടിയെ അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിലോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ദീർഘിപ്പിച്ച സമയത്തിനുള്ളിലോ ഒരു സ്കൂളിൽ പ്രവേശിപ്പിക്കേണ്ടതാണ് :

എന്നാൽ, ദീർഘിപ്പിച്ച അങ്ങനെയുള്ള കാലയളവിന് ശേഷം പ്രവേശനം തേടുന്ന യാതൊരു കുട്ടിക്കും പ്രവേശനം നിഷേധിക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, ദീർഘിപ്പിച്ച കാലയളവിന് ശേഷം സ്കൂളിൽ പ്രവേശിപ്പിച്ച ഏത് കുട്ടിയും സമുചിത സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ തന്റെ പഠനം പൂർത്തിയാക്കേണ്ടതാണ്.

*നിലനിർത്തുന്നതിനും പുറത്താക്കുന്നതിനും നിരോധനം.*

16. സ്കൂളിൽ പ്രവേശിപ്പിച്ച യാതൊരു കുട്ടിയെയും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതുവരെ ഏതെങ്കിലും ഒരു ക്ലാസ്സിൽ തന്നെ നിലനിർത്തുവാനോ സ്കൂളിൽ നിന്നു പുറത്താക്കുവാനോ പാടുള്ളതല്ല.

*കുട്ടിയെ ശാരീരികമായി ശിക്ഷിക്കുന്നതിനും മാനസികമായി പീഡിപ്പിക്കുന്നതിനുമുള്ള നിരോധനം.*

17. (1) യാതൊരു കുട്ടിയെയും ശാരീരികമായ ശിക്ഷയ്ക്കോ മാനസികമായ പീഡനത്തിനോ വിധേയനാക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും അങ്ങനെയുള്ള ആൾക്ക് ബാധകമായിട്ടുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്കനടപടിക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

*അംഗീകാര സർട്ടിഫിക്കറ്റ് ലഭിക്കാതെ യാതൊരു സ്കൂളും സ്ഥാപിക്കുവാൻ പാടില്ലായെന്ന്.*

18. (1) സമുചിത സർക്കാരിനാലോ തദ്ദേശാധികാരസ്ഥാനത്താലോ സ്ഥാപിക്കപ്പെട്ടതോ അവയുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതോ അല്ലാതെയുള്ള യാതൊരു സ്കൂളും ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും

രീതിയിലും അപേക്ഷ നൽകി, അങ്ങനെയുള്ള അധികാരസ്ഥാനത്തിൽ നിന്നും ലഭിച്ച ഒരു അംഗീകാര സർട്ടിഫിക്കറ്റ് കൂടാതെ സ്ഥാപിക്കുവാനോ പ്രവർത്തിക്കുവാനോ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അധികാരസ്ഥാനം അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള കാലാവധിക്കുള്ളിലും അങ്ങനെയുള്ള രീതിയിലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായും അംഗീകാര സർട്ടിഫിക്കറ്റ് നൽകേണ്ടതാണ് :

എന്നാൽ, 19-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളും നിലവാരങ്ങളും പാലിക്കാതെ ഒരു സ്കൂളിനും അങ്ങനെയുള്ള യാതൊരു അംഗീകാരവും നൽകുവാൻ പാടുള്ളതല്ല.

(3) അംഗീകാരത്തിന്റെ വ്യവസ്ഥകളുടെ ലംഘനത്തിൻമേൽ, നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനം, ലിഖിതമായ ഒരു ഉത്തരവുവഴി, അംഗീകാരം പിൻവലിക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള ഉത്തരവ് അംഗീകാരം നഷ്ടപ്പെട്ട സ്കൂളിൽ പഠിക്കുന്ന കുട്ടികളെ അടുത്തുള്ള ഏത് സ്കൂളിൽ പ്രവേശിപ്പിക്കേണ്ടതാണെന്നുള്ള ഒരു നിർദ്ദേശം അടങ്ങിയതായിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല, അങ്ങനെയുള്ള സ്കൂളിന്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ കേൾക്കപ്പെടുവാനുള്ള ഒരു അവസരം നൽകാതെ യാതൊരു അംഗീകാരവും അപ്രകാരം പിൻവലിക്കാൻ പാടുള്ളതല്ല.

(4) (3)-ാം ഉപവകുപ്പു പ്രകാരം അംഗീകാരം പിൻവലിച്ച തീയതി മുതൽ അങ്ങനെയുള്ള യാതൊരു സ്കൂളും പ്രവർത്തനം തുടരാൻ പാടുള്ളതല്ല.

(5) അംഗീകാര സർട്ടിഫിക്കറ്റ് ലഭിക്കാതെ ഒരു സ്കൂൾ സ്ഥാപിക്കുകയോ നടത്തുകയോ അല്ലെങ്കിൽ അംഗീകാരം പിൻവലിച്ചതിനുശേഷം ഒരു സ്കൂൾ തുടർന്ന് നടത്തുകയോ ചെയ്യുന്ന ഏതൊരാളും ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയ്ക്കും ഉല്ലംഘനങ്ങൾ തുടരുന്ന സംഗതിയിൽ, അപ്രകാരം ലംഘനം തുടരുന്ന ഓരോ ദിവസത്തിനും പതിനായിരം രൂപ പിഴയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

*സ്കൂളിനുള്ള മാനദണ്ഡങ്ങളും നിലവാരങ്ങളും.*

19. (1) പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളും നിലവാരങ്ങളും പാലിക്കാതെ 18-ാം വകുപ്പ് പ്രകാരം യാതൊരു സ്കൂളും സ്ഥാപിക്കുവാനോ അംഗീകരിക്കുവാനോ പാടുള്ളതല്ല.

(2) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പായി സ്ഥാപിച്ചിട്ടുള്ള ഒരു സ്കൂൾ, പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളും നിലവാരങ്ങളും പാലിക്കാത്തിടത്ത്, അത് സ്വന്തം ചെലവിൽ, അങ്ങനെയുള്ള മാനദണ്ഡങ്ങളും നിലവാരങ്ങളും പാലിക്കുന്നതിന് അങ്ങനെയുള്ള പ്രാരംഭ തീയതി മുതൽ മൂന്ന് വർഷ കാലാവധിക്കുള്ളിൽ നടപടികൾ എടുക്കേണ്ടതാണ്.

(3) ഒരു സ്കൂൾ (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച പ്രകാരമുള്ള കാലാവധിക്കുള്ളിൽ മാനദണ്ഡങ്ങളും നിലവാരങ്ങളും പാലിക്കുന്നതിന് വീഴ്ചവരുത്തുന്നിടത്ത്, 18-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള അധികാരസ്ഥാനം, അതിലെ (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള രീതിയിൽ അങ്ങനെയുള്ള സ്കൂളിന് നൽകിയിട്ടുള്ള അംഗീകാരം പിൻവലിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പു പ്രകാരം അംഗീകാരം പിൻവലിച്ച തീയതി മുതൽ അങ്ങനെയുള്ള യാതൊരു സ്കൂളും പ്രവർത്തനം തുടരുവാൻ പാടുള്ളതല്ല.

(5) അംഗീകാരം പിൻവലിച്ചതിനുശേഷം ഒരു സ്കൂൾ തുടർന്ന് നടത്തുന്ന ഏതൊരാളും ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയ്ക്കും ലംഘനങ്ങൾ തുടരുന്ന സംഗതിയിൽ, അപ്രകാരം ലംഘനം തുടരുന്ന ഓരോ ദിവസത്തിനും പതിനായിരം രൂപ പിഴയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

*പട്ടിക ഭേദഗതി ചെയ്യുന്നതിനുള്ള അധികാരം.*

20. കേന്ദ്രസർക്കാരിന്, വിജ്ഞാപനംവഴി, അതിലേക്ക് ഏതെങ്കിലും മാനദണ്ഡങ്ങളും നിലവാരങ്ങളും കൂട്ടിച്ചേർത്തുകൊണ്ടോ അതിൽനിന്ന് വിട്ടുകളഞ്ഞുകൊണ്ടോ പട്ടിക ഭേദഗതി ചെയ്യാവുന്നതാണ്.

*സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി.*

21. (1) 2-ാം വകുപ്പ് (ഢ) ഖണ്ഡം (iv)-ാം ഉപഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ളതല്ലാത്ത ഒരു സ്കൂൾ, തദ്ദേശാധികാരസ്ഥാനത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും അങ്ങനെയുള്ള സ്കൂളിൽ പ്രവേശിപ്പിച്ചിട്ടുള്ള കുട്ടികളുടെ മാതാപിതാക്കളും അഥവാ രക്ഷാകർത്താക്കളും അദ്ധ്യാപകരും ഉൾക്കൊള്ളുന്ന ഒരു സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള കമ്മിറ്റിയുടെ ഏറ്റവും കുറഞ്ഞത്, നാലിൽ മൂന്ന് അംഗങ്ങൾ മാതാപിതാക്കൾ അല്ലെങ്കിൽ രക്ഷാകർത്താക്കൾ ആയിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല, പ്രതികൂലാവസ്ഥയിലുള്ള ഗണത്തിലും ദുർബല വിഭാഗത്തിലുംപെടുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് അല്ലെങ്കിൽ രക്ഷാകർത്താക്കൾക്ക് ആനുപാതിക പ്രാതിനിധ്യം നൽകേണ്ടതാണ് :

കൂടാതെ, അങ്ങനെയുള്ള കമ്മിറ്റിയിലെ അംഗങ്ങളുടെ അൻപത് ശതമാനം സ്ത്രീകൾ ആയിരിക്കേണ്ടതാണ്.

(2) സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത് :—

(ക) സ്കൂളിന്റെ പ്രവർത്തനം നിരീക്ഷിക്കുകയും ;

(ഖ) സ്കൂൾ വികസന പദ്ധതി തയ്യാറാക്കുകയും ശിപാർശ ചെയ്യുകയും ;

(ഗ) സമുചിത സർക്കാരിൽ നിന്നോ തദ്ദേശാധികാരസ്ഥാനത്തുനിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ സ്വീകരിക്കുന്ന ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുകയും ;

(ഘ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക :

[1] [എന്നാൽ, (1)-ാം ഉപവകുപ്പിൻകീഴിൽ രൂപീകരിച്ചിട്ടുള്ള സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി ,—

(ക) മതത്തിന്റെയോ ഭാഷയുടെയോ അടിസ്ഥാനത്തിൽ ന്യൂനപക്ഷമെന്ന നിലയിൽ സ്ഥാപിക്കപ്പെടുകയും ഭരണം നടത്തപ്പെടുകയും ചെയ്യുന്ന ഒരു സ്കൂളും ;

(ഖ) 2-ാം വകുപ്പ് (ഢ) ഖണ്ഡം (ii)-ാം ഉപവകുപ്പിൽ നിർവ്വചിച്ചിട്ടുള്ള മറ്റെല്ലാ എയ്ഡഡ് സ്കൂളുകളും,

സംബന്ധിച്ച് ഉപദേശകചുമതല മാത്രം നിർവ്വഹിക്കേണ്ടതാണ്.]

1. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം (ഭേദഗതി) ആക്റ്റ്, 2012 (2012-ലെ 30) 5-ാം വകുപ്പ് പ്രകാരം ചേർത്തത്.

*സ്കൂൾ വികസന പദ്ധതി.*

22. (1) [1][മതത്തിന്റെയോ ഭാഷയുടെയോ അടിസ്ഥാനത്തിലുള്ള ന്യൂനപക്ഷത്താൽ സ്ഥാപിക്കപ്പെടുകയും ഭരണം നടത്തപ്പെടുകയും ചെയ്യുന്ന ഒരു സ്കൂളും 2-ാം വകുപ്പ് (ഢ) ഖണ്ഡം (ii)-ാം ഉപഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള ഒരു എയ്ഡഡ് സ്കൂളും സംബന്ധിച്ചുള്ള സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി ഒഴികെ,] 21-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം [1][രൂപീകരിച്ചിട്ടുള്ള ഓരോ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയും] നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഒരു സ്കൂൾ വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം അങ്ങനെ തയ്യാറാക്കുന്ന സ്കൂൾ വികസനപദ്ധതി, അതതു സംഗതിപോലെ, സമുചിത സർക്കാരും തദ്ദേശാധികാരസ്ഥാനവും ഉണ്ടാക്കേണ്ട പദ്ധതികളുടെയും ഗ്രാന്റുകളുടെയും അടിസ്ഥാനമായിരിക്കേണ്ടതാണ്.

*അദ്ധ്യാപകരുടെ നിയമനത്തിനുള്ള യോഗ്യതകളും സേവന നിബന്ധനകളും ഉപാധികളും.*

23. (1) കേന്ദ്രസർക്കാർ, വിജ്ഞാപനം വഴി, പ്രാധികാരപ്പെടുത്തുന്ന ഒരു അക്കാഡമിക് അധികാരസ്ഥാനം പ്രതിപാദിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ യോഗ്യതകളുള്ള ഏതൊരു വ്യക്തിയും ഒരു അദ്ധ്യാപകനായുള്ള നിയമനത്തിന് അർഹനായിരിക്കുന്നതാണ്.

(2) ഒരു സംസ്ഥാനത്ത് അദ്ധ്യാപക ശിക്ഷണത്തിനുള്ള കോഴ്സുകളോ പരിശീലനമോ നൽകുന്നതിന് പര്യാപ്തമായ സ്ഥാപനങ്ങൾ ഇല്ലാതിരിക്കുകയോ (1)-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ യോഗ്യതകളുള്ള അദ്ധ്യാപകർ ആവശ്യമായ അത്രയും എണ്ണം ലഭ്യമല്ലാതിരിക്കുകയോ ചെയ്യുന്നിടത്ത്, കേന്ദ്ര സർക്കാരിന്, ആവശ്യമാണെന്ന് അത് കരുതുന്നപക്ഷം, വിജ്ഞാപനം വഴി, ആ വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചേക്കാവുന്ന അഞ്ച് വർഷത്തിൽ കവിയാതെയുള്ള അങ്ങനെയുള്ള കാലാവധിയിലേക്ക് ഒരു അദ്ധ്യാപകനായി നിയമിക്കപ്പെടുവാൻ ആവശ്യമുള്ള ഏറ്റവും കുറഞ്ഞ യോഗ്യതകളിൽ ഇളവ് വരുത്താവുന്നതാണ് :

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ (1)-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ യോഗ്യതകൾ ഇല്ലാതിരിക്കുന്ന ഒരു അദ്ധ്യാപകൻ അഞ്ചുവർഷക്കാലയളവിനുള്ളിൽ അങ്ങനെയുള്ള ഏറ്റവും കുറഞ്ഞ യോഗ്യതകൾ ആർജ്ജിക്കേണ്ടതാണ്.

(3) അദ്ധ്യാപകർക്ക് നൽകേണ്ട ശമ്പളവും ബത്തകളും, സേവന നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

*അദ്ധ്യാപകരുടെ കർത്തവ്യങ്ങളും പരാതികൾ പരിഹരിക്കലും.*

24. (1) 23-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ഒരു അദ്ധ്യാപകൻ താഴെപ്പറയുന്ന കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(ക) സ്കൂളിൽ ഹാജരാകുന്നതിന് കൃത്യനിഷ്ഠയും സമയനിഷ്ഠയും പാലിക്കുക;

(ഖ) 29-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് പാഠ്യപദ്ധതി നടത്തുകയും പൂർത്തീകരിക്കുകയും ചെയ്യുക;

(ഗ) മുഴുവൻ പാഠ്യപദ്ധതിയും വിനിർദ്ദേശിച്ച സമയത്തിനുള്ളിൽ പൂർത്തീകരിക്കുക;

(ഘ) ഓരോ കുട്ടിയുടെയും പഠിക്കുവാനുള്ള കഴിവ് വിലയിരുത്തുകയും അതനുസരിച്ച് കുറവ് നികത്തുന്നതിനായി കൂടുതൽ നിർദ്ദേശങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ, ആവശ്യാനുസരണം നൽകുകയും ചെയ്യുക;

---

1. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം (ഭേദഗതി) ആക്റ്റ്, 2012 (2012-ലെ 30) 6-ാം വകുപ്പ് പ്രകാരം പകരം ചേർത്തത്.

(ങ) മാതാപിതാക്കളുടെയും രക്ഷാകർത്താക്കളുടെയും യോഗം പതിവായി വിളിച്ചുകൂട്ടുകയും ഹാജരിലെ കൃത്യനിഷ്ഠ, പഠിക്കുവാനുള്ള കഴിവ്, പഠനത്തിലുണ്ടായ പുരോഗതി, കുട്ടിയെപ്പറ്റിയുള്ള മറ്റ് പ്രസക്തമായ വിവരം എന്നിവയെക്കുറിച്ച് അവരെ അറിയിക്കുകയും ചെയ്യുക; കൂടാതെ,

(ച) നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുക.

(2) (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഒരു അദ്ധ്യാപകൻ അവന് അഥവാ അവൾക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള ശിക്ഷാനടപടികൾക്ക് വിധേയനാകുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ശിക്ഷാനടപടികൾ എടുക്കുന്നതിനുമുമ്പ് അങ്ങനെയുള്ള അദ്ധ്യാപകന് കേൾക്കപ്പെടുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതാണ്.

(3) അദ്ധ്യാപകന് പരാതികൾ എന്തെങ്കിലുമുണ്ടെങ്കിൽ, നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ പരിഹരിക്കേണ്ടതാണ്.

*വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം.*

25. (1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ [1][മൂന്ന് വർഷത്തിനകം] സമുചിത സർക്കാരും തദ്ദേശാധികാരസ്ഥാനവും, ഓരോ സ്കൂളിലും പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള പ്രകാരം വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം പാലിക്കുന്ന ആവശ്യത്തിലേക്കായി, ഒരു സ്കൂളിൽ പോസ്റ്റിംഗ് നൽകിയ യാതൊരു അദ്ധ്യാപകനെയും മറ്റൊരു സ്കൂളിലോ ആഫീസിലോ സേവനം ചെയ്യിപ്പിക്കുവാനോ 27-ാം വകുപ്പിൽ വിനിർദ്ദേശിച്ചവയല്ലാത്ത ഏതെങ്കിലും വിദ്യാഭ്യാസേതര ആവശ്യത്തിനായി വിന്യസിക്കുവാനോ പാടുള്ളതല്ല.

*അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നത്.*

26. സമുചിത സർക്കാരിനാലോ തദ്ദേശാധികാരസ്ഥാനത്താലോ സ്ഥാപിക്കപ്പെട്ടതോ അവയുടെ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ അല്ലെങ്കിൽ നേരിട്ടോ നേരിട്ടല്ലാതെയോ ഫണ്ടുകൾ മുഖേന ഗണ്യമായി ധനസഹായം നൽകിയിട്ടുള്ളതോ ആയ ഒരു സ്കൂളിനെ സംബന്ധിച്ച് നിയമനാധികാരസ്ഥാനം അതിന്റെ നിയന്ത്രണത്തിൻകീഴിലുള്ള ഒരു സ്കൂളിലെ അദ്ധ്യാപക ഒഴിവ് ആകെ അനുവദിച്ച സംഖ്യാബലത്തിന്റെ പത്ത് ശതമാനത്തിൽ അധികരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

*വിദ്യാഭ്യാസേതര ആവശ്യങ്ങൾക്കായി അദ്ധ്യാപകരെ വിന്യസിക്കുന്നതിനുള്ള നിരോധനം.*

27. ദശകത്തിലൊരിക്കലുള്ള ജനസംഖ്യാ കാനേഷുമാരിക്കോ, അത്യാഹിത ദുരിതാശ്വാസ കർത്തവ്യങ്ങൾക്കോ, അതത് സംഗതിപോലെ, തദ്ദേശാധികാരസ്ഥാനത്തേക്കോ സംസ്ഥാന നിയമനിർമ്മാണ മണ്ഡലങ്ങളിലേക്കോ പാർലമെന്റിലേക്കോ ഉള്ള തെരഞ്ഞെടുപ്പ് സംബന്ധമായ കർത്തവ്യങ്ങൾക്കോ അല്ലാതെ യാതൊരദ്ധ്യാപകനെയും ഏതെങ്കിലും വിദ്യാഭ്യാസേതര ആവശ്യങ്ങൾക്കായി വിന്യസിക്കുവാൻ പാടുള്ളതല്ല.

*അദ്ധ്യാപകരുടെ സ്വകാര്യ ട്യൂഷൻ നിരോധനം.*

28. യാതൊരദ്ധ്യാപകനും അവൻ അഥവാ അവൾ സ്വയമായി സ്വകാര്യ ട്യൂഷനിലോ സ്വകാര്യ അദ്ധ്യാപന പ്രവൃത്തിയിലോ ഏർപ്പെടുവാൻ പാടുള്ളതല്ല.

---

1. 2012-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം (ഭേദഗതി) ആക്റ്റ്, 2012 (2012-ലെ 30) 7-ാം വകുപ്പ് പ്രകാരം പകരം ചേർത്തത്.

## അദ്ധ്യായം V

### പാഠ്യപദ്ധതിയും പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പൂർത്തീകരണവും

29. (1) പ്രാഥമിക വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള പാഠ്യപദ്ധതിയും വിലയിരുത്തൽ നടപടിക്രമവും സമുചിത സർക്കാരിനാൽ വിജ്ഞാപനം വഴി വിനിർദ്ദേശിക്കപ്പെടുന്ന ഒരു അക്കാഡമിക് അധികാരസ്ഥാനത്താൽ പ്രതിപാദിക്കപ്പെടേണ്ടതാണ്. *പാഠ്യപദ്ധതിയും വിലയിരുത്തൽ നടപടിക്രമവും.*

(2) അക്കാഡമിക് അധികാരസ്ഥാനം (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പാഠ്യപദ്ധതിയും വിലയിരുത്തൽ നടപടിക്രമവും പ്രതിപാദിക്കുമ്പോൾ താഴെ പറയുന്നവ പരിഗണിക്കേണ്ടതാണ്, അതായത്:—

(ക) ഭരണഘടനയിൽ പ്രതിഷ്ഠാപിതമായ മൂല്യങ്ങളോടുള്ള അനുയോജ്യത;

(ഖ) കുട്ടിയുടെ സർവ്വതോന്മുഖമായ വളർച്ച;

(ഗ) കുട്ടിയുടെ അറിവും കഴിവും വൈദഗ്ദ്ധ്യവും ക്രമേണ വർദ്ധിപ്പിക്കൽ;

(ഘ) ശാരീരികവും മാനസികവുമായ കഴിവുകളുടെ സമ്പൂർണ്ണ വികസനം;

(ങ) കുട്ടിക്ക് സൗഹൃദപരമായതും കുട്ടിയെ കേന്ദ്രീകരിച്ചിട്ടുള്ളതുമായ ഒരു രീതിയിൽ പ്രവർത്തനങ്ങളും കണ്ടുപിടിത്തവും പര്യവേക്ഷണവും മുഖേനയുള്ള പഠനം ;

(ച) ബോധനമാധ്യമം, പ്രായോഗികമായിട്ടുള്ളിടത്തോളം കുട്ടിയുടെ മാതൃഭാഷയിലായിരിക്കേണ്ടതാണെന്നത് ;

(ഛ) ഭയം, മാനസികപിരിമുറുക്കം ഉണ്ടാക്കുന്ന സാഹചര്യം, ആകാംക്ഷ എന്നിവയിൽ നിന്ന് കുട്ടിയെ വിമുക്തമാക്കലും സ്വതന്ത്രമായി അഭിപ്രായം പ്രകടിപ്പിക്കുന്നതിന് കുട്ടിയെ സഹായിക്കലും ;

(ജ) കുട്ടിയുടെ അറിവ് ഗ്രഹിക്കുന്നതിന്റെയും, അത് പ്രയോഗിക്കുന്നതിനുള്ള അവന്റെ അല്ലെങ്കിൽ അവളുടെ കഴിവിന്റെയും സമഗ്രവും തുടർച്ചയായുമുള്ള വിലയിരുത്തൽ.

30. (1) പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതുവരെ യാതൊരു കുട്ടിയും ഏതെങ്കിലും ബോർഡ് പരീക്ഷ പാസ്സാകാൻ ആവശ്യപ്പെടുവാൻ പാടുള്ളതല്ല. *പരീക്ഷയും പൂർത്തിയാക്കൽ സർട്ടിഫിക്കറ്റും.*

(2) പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഓരോ കുട്ടിക്കും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മാതൃകയിലും അങ്ങനെയുള്ള രീതിയിലും ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

## അദ്ധ്യായം VI

### കുട്ടികളുടെ അവകാശ സംരക്ഷണം

*കുട്ടിയുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം നിരീക്ഷിക്കൽ.*

31. (1) ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ്, 2005 (2005-ലെ 4)-ന്റെ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള ദേശീയ കമ്മീഷൻ, അഥവാ, അതത് സംഗതിപോലെ, 17-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള സംസ്ഥാന കമ്മീഷൻ, ആ ആക്റ്റ് പ്രകാരം അവയ്ക്ക് ഏൽപ്പിച്ചിരിക്കുന്ന ചുമതലകൾക്കു പുറമേ താഴെപ്പറയുന്ന ചുമതലകൾ കൂടി നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(ക) ഈ ആക്റ്റിനാലോ അതിൻകീഴിലോ വ്യവസ്ഥ ചെയ്ത അവകാശങ്ങൾക്കുവേണ്ടിയുള്ള സുരക്ഷാവ്യവസ്ഥകൾ പരിശോധിക്കുകയും പുനഃപരിശോധിക്കുകയും അവയുടെ ഫലപ്രദമായ നടപ്പാക്കലിനുവേണ്ടിയുള്ള നടപടികൾ ശിപാർശ ചെയ്യുകയും;

(ഖ) കുട്ടിയുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തെ സംബന്ധിച്ച പരാതികളിൻമേൽ അന്വേഷണം നടത്തുകയും;

(ഗ) പ്രസ്തുത ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 15-ഉം 24-ഉം വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

(2) (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡപ്രകാരം സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ചുള്ള ഏതു സംഗതികളെക്കുറിച്ചും അന്വേഷിക്കുമ്പോൾ പ്രസ്തുത കമ്മീഷനുകൾക്ക്, പ്രസ്തുത ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ യഥാക്രമം 14-ഉം 24-ഉം വകുപ്പുകൾ പ്രകാരം അവയ്ക്ക് നൽകിയിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(3) ഒരു സംസ്ഥാനത്ത് കുട്ടികളുടെ അവകാശ സംരക്ഷണത്തിനു വേണ്ടിയുള്ള സംസ്ഥാന കമ്മീഷൻ രൂപീകരിക്കപ്പെട്ടിട്ടില്ലാത്തിടത്ത്, സമുചിതസർക്കാരിന്, (1)-ാം ഉപവകുപ്പിലെ (ക) മുതൽ (ഗ) വരെയുള്ള ഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ചിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി അങ്ങനെയുള്ള അധികാരസ്ഥാനം രൂപീകരിക്കാവുന്നതാണ്.

*പരാതികൾ പരിഹരിക്കൽ.*

32. (1) 31-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലുള്ള ഒരു കുട്ടിയുടെ അവകാശം സംബന്ധിച്ച് എന്തെങ്കിലും പരാതിയുള്ള ഏതൊരാൾക്കും അധികാരിതയുള്ള ഒരു തദ്ദേശാധികാരസ്ഥാനത്തിന് ലിഖിതമായ ഒരു പരാതി നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പരാതി കൈപ്പറ്റിയശേഷം തദ്ദേശാധികാരസ്ഥാനം മൂന്ന് മാസത്തെ കാലാവധിക്കുള്ളിൽ ബന്ധപ്പെട്ട കക്ഷികൾക്ക് കേൾക്കപ്പെടുവാൻ ന്യായമായ ഒരവസരം നൽകിയശേഷം അക്കാര്യം തീരുമാനിക്കേണ്ടതാണ്.

(3) തദ്ദേശാധികാരസ്ഥാനത്തിന്റെ തീരുമാനത്തിൽ പരാതിയുള്ള ഏതൊരാൾക്കും ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള സംസ്ഥാന കമ്മീഷനിലോ അഥവാ, അതത് സംഗതിപോലെ, 31-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തിലോ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം ബോധിപ്പിക്കപ്പെട്ട അപ്പീൽ, ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള സംസ്ഥാന കമ്മീഷൻ അഥവാ, അതതു സംഗതിപോലെ, 31-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള അധികാരസ്ഥാനം, 31-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിലെ വ്യവസ്ഥകളനുസരിച്ച് തീരുമാനിക്കേണ്ടതാണ്.

*ദേശീയ ഉപദേശക സമിതിയുടെ രൂപീകരണം.*

33. (1) കേന്ദ്രസർക്കാർ, വിജ്ഞാപനം വഴി, പ്രാഥമിക വിദ്യാഭ്യാസ മേഖലയിലും കുട്ടികളുടെ വികസനത്തിനും അറിവും പ്രായോഗികപരിജ്ഞാനവുമുള്ള ആളുകൾക്കിടയിൽ നിന്നും നിയമിക്കേണ്ട, കേന്ദ്രസർക്കാരിന് ആവശ്യമെന്ന് കരുതുന്നവിധം, പതിനഞ്ചിൽ കവിയാത്ത അത്രയും എണ്ണം, അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു ദേശീയ ഉപദേശകസമിതി രൂപീകരിക്കേണ്ടതാണ്.

(2) ദേശീയ ഉപദേശകസമിതിയുടെ ചുമതലകൾ ഈ ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്മേൽ കേന്ദ്ര സർക്കാരിന് ഉപദേശം നൽകുക എന്നതായിരിക്കുന്നതാണ്.

(3) ദേശീയ ഉപദേശകസമിതിയിലെ അംഗങ്ങളുടെ ബത്തകളും നിയമനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

*സംസ്ഥാന ഉപദേശക സമിതിയുടെ രൂപീകരണം.*

34. (1) സംസ്ഥാന സർക്കാർ, വിജ്ഞാപനം വഴി, പ്രാഥമിക വിദ്യാഭ്യാസ മേഖലയിലും കുട്ടികളുടെ വികസനത്തിനും അറിവും പ്രായോഗിക പരിജ്ഞാനവുമുള്ള ആളുകൾക്കിടയിൽ നിന്നും നിയമിക്കേണ്ട, സംസ്ഥാന സർക്കാരിന് ആവശ്യമെന്ന് കരുതുന്നവിധം, പതിനഞ്ചിൽ കവിയാത്ത അത്രയും എണ്ണം, അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു സംസ്ഥാന ഉപദേശകസമിതി രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാന ഉപദേശകസമിതിയുടെ ചുമതലകൾ ഈ ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്മേൽ സംസ്ഥാന സർക്കാരിന് ഉപദേശം നൽകുക എന്നതായിരിക്കുന്നതാണ്.

(3) സംസ്ഥാന ഉപദേശകസമിതിയിലെ അംഗങ്ങളുടെ ബത്തകളും നിയമനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

## അദ്ധ്യായം VII

## പലവക

*നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാനുള്ള അധികാരം.*

35. (1) കേന്ദ്രസർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യങ്ങൾക്കായി അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, അതതു സംഗതിപോലെ, സമുചിത സർക്കാരിനോ തദ്ദേശാധികാരസ്ഥാനത്തിനോ നൽകാവുന്നതാണ്.

(2) സമുചിത സർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതും അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ തദ്ദേശാധികാരസ്ഥാനത്തിനോ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിക്കോ നൽകാവുന്നതുമാണ്.

(3) തദ്ദേശാധികാരസ്ഥാനത്തിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതും അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിക്ക് നൽകാവുന്നതുമാണ്.

GCPT. 3/4006/2013

പ്രോസിക്യൂഷന് മുൻകൂർ അനുമതി വേണമെന്ന്.

36. സമുചിത സർക്കാർ, വിജ്ഞാപനം വഴി, ഇതിലേയ്ക്കായി അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതി കൂടാതെ, 13-ാം വകുപ്പ് (2)-ാം ഉപവകുപ്പും 18-ാം വകുപ്പ് (5)-ാം ഉപവകുപ്പും 19-ാം വകുപ്പ് (5)-ാം ഉപവകുപ്പും പ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യങ്ങൾക്ക് യാതൊരു പ്രോസിക്യൂഷനും ആരംഭിക്കുവാൻ പാടുള്ളതല്ല.

ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം.

37. ഈ ആക്റ്റിനോ, അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾക്കോ ഉത്തരവിനോ അനുസൃതമായി ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ എന്തിനെയെങ്കിലും സംബന്ധിച്ച് കേന്ദ്രസർക്കാരിനോ സംസ്ഥാന സർക്കാരിനോ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ദേശീയ കമ്മീഷനോ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സംസ്ഥാന കമ്മീഷനോ തദ്ദേശാധികാര സ്ഥാനത്തിനോ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിക്കോ ഏതെങ്കിലും ആളിനോ എതിരെ യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സമുചിത സർക്കാരിനുള്ള അധികാരം.

38. (1) സമുചിതമായ സർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി, വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ച്, മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധത്തിൽ അങ്ങനെയുള്ള ചട്ടങ്ങൾ താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 4-ാം വകുപ്പിന്റെ ഒന്നാം പരിമിതി വ്യവസ്ഥ പ്രകാരം പ്രത്യേകം പരിശീലനം നൽകുന്നതിന്റെ രീതിയും ആയതിന്റെ സമയ പരിധിയും;

(ഖ) 6-ാം വകുപ്പിൻകീഴിൽ ഒരു സമീപപ്രദേശ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള പ്രദേശം അല്ലെങ്കിൽ പരിധികൾ;

(ഗ) 9-ാം വകുപ്പ് (ഘ) ഖണ്ഡത്തിൻകീഴിൽ പതിനാല് വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ റിക്കാർഡുകൾ വച്ചുപോരേണ്ട രീതി;

(ഘ) 12-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ ചെലവ് തിരികെ നൽകുന്നതിന്റെ രീതിയും വ്യാപ്തിയും;

(ങ) 14-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ കുട്ടിയുടെ വയസ്സ് നിർണ്ണയിക്കുന്നതിനുള്ള മറ്റേതെങ്കിലും പ്രമാണം;

(ച) 15-ാം വകുപ്പിൻകീഴിൽ, പ്രവേശനത്തിനുവേണ്ടി നീട്ടിക്കൊടുത്ത കാലാവധിയും, നീട്ടിക്കൊടുത്ത കാലാവധിക്കുശേഷം പ്രവേശിപ്പിച്ചതാണെങ്കിലും പഠനം പൂർത്തീകരിക്കുന്നതിന്റെ രീതിയും;

(ഛ) 18-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ, അംഗീകാര സർട്ടിഫിക്കറ്റിനുള്ള അപേക്ഷ നൽകേണ്ട മാതൃകയും രീതിയും അധികാര സ്ഥാനവും;

(ജ) 18-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ അംഗീകാര സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള രീതിയും വ്യവസ്ഥകളും അതിന്റെ മാതൃകയും കാലാവധിയും;

(ഝ) 18-ാം വകുപ്പ് (3)-ാം ഉപവകുപ്പിന്റെ രണ്ടാം പരിമിതി വ്യവസ്ഥ പ്രകാരം കേൾക്കപ്പെടുവാനുള്ള അവസരം നൽകേണ്ട രീതി;

(ഞ) 21-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഘ) ഖണ്ഡത്തിൻ കീഴിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി നിർവ്വഹിക്കേണ്ട മറ്റ് ചുമതലകൾ;

(ട) 22-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സ്കൂൾ വികസനപദ്ധതി തയ്യാറാക്കേണ്ട രീതി;

(ഠ) 23-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം അദ്ധ്യാപകന് നൽകേണ്ടതായ ശമ്പളവും ബത്തകളും സേവന നിബന്ധനകളും ഉപാധികളും;

(ഡ) 24-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (ച) ഖണ്ഡത്തിൻ കീഴിൽ അദ്ധ്യാപകൻ നിർവ്വഹിക്കേണ്ടതായുള്ള കർത്തവ്യങ്ങൾ;

(ഢ) 24-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ അദ്ധ്യാപകരുടെ പരാതികൾ പരിഹരിക്കേണ്ട രീതി;

(ണ) 30-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയും നൽകേണ്ട രീതിയും;

(ത) 31-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിലെ അധികാര സ്ഥാനവും അതിന്റെ രൂപീകരണരീതിയും അതിനായുള്ള നിബന്ധനകളും ഉപാധികളും;

(ഥ) 33-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിലെ ദേശീയ ഉപദേശകസമിതി അംഗങ്ങളുടെ ബത്തകളും അവരുടെ നിയമനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും;

(ദ) 34-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിലെ സംസ്ഥാന ഉപദേശകസമിതി അംഗങ്ങളുടെ ബത്തകളും അവരുടെ നിയമനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും;

(3) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഓരോ ചട്ടവും 20-ഉം 23-ഉം വകുപ്പുകൾക്ക് കീഴിൽ കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന ഓരോ വിജ്ഞാപനവും അത് ഉണ്ടാക്കിയതിന് ശേഷം കഴിയുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും ആ സമ്മേളനത്തിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ മുൻപറഞ്ഞ തുടർച്ചയായ സമ്മേളനങ്ങളോ അവസാനിക്കുന്നതിന് മുമ്പ്, ഇരുസഭകളും, ആ ചട്ടത്തിലോ വിജ്ഞാപനത്തിലോ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടമോ വിജ്ഞാപനമോ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം ആ ചട്ടത്തിനോ വിജ്ഞാപനത്തിനോ, അതതു സംഗതി പോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിനോ വിജ്ഞാപനത്തിനോ കീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

(4) ഈ ആക്റ്റിൻകീഴിൽ സംസ്ഥാന സർക്കാർ ഉണ്ടാക്കുന്ന ഓരോ ചട്ടവും വിജ്ഞാപനവും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗത്തിൽ സംസ്ഥാന നിയമനിർമ്മാണ മണ്ഡലങ്ങൾ മുമ്പാകെ വയ്ക്കേണ്ടതാണ്.

*വിഷമതകൾ നീക്കംചെയ്യുന്നതിനുള്ള അധികാരം.*

[1][39. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വിഷമത ഉണ്ടാവുകയാണെങ്കിൽ, കേന്ദ്രസർക്കാരിന് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത, വിഷമത നീക്കം ചെയ്യുവാൻ ആവശ്യമാണെന്ന് അതിന് തോന്നാവുന്ന പ്രകാരമുള്ള, അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

എന്നാൽ, 2012-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭം മുതൽ മൂന്ന് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പിൻകീഴിൽ യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഓരോ ഉത്തരവും അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.]

1. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം (ഭേദഗതി) ആക്റ്റ്, 2012 (2012-ലെ 30) 3-ാം വകുപ്പ് പ്രകാരം ചേർത്തത്.

## പട്ടിക

(19-ഉം 25-ഉം വകുപ്പുകൾ കാണുക)

### ഒരു സ്കൂളിനുവേണ്ട മാനദണ്ഡങ്ങളും നിലവാരങ്ങളും

| ക്രമ നമ്പർ | | ഇനം | മാനദണ്ഡങ്ങളും നിലവാരങ്ങളും |
|---|---|---|---|
| 1. | അദ്ധ്യാപകരുടെ എണ്ണം | | |
| | (ക) ഒന്നാം ക്ലാസ്സുമുതൽ അഞ്ചാം ക്ലാസ്സു വരെയുള്ളതിന | പ്രവേശിപ്പിച്ച കുട്ടികൾ | അദ്ധ്യാപകരുടെ എണ്ണം |
| | | അറുപതുവരെ | രണ്ട് |
| | | അറുപത്തി ഒന്നിനും തൊണ്ണൂറിനും ഇടയ്ക്ക് | മൂന്ന് |
| | | തൊണ്ണൂറ്റി ഒന്നിനും നൂറ്റി ഇരുപതിനും ഇടയ്ക്ക് | നാല് |
| | | നൂറ്റി ഇരുപത്തൊന്നിനും ഇരുന്നൂറിനും ഇടയ്ക്ക് | അഞ്ച് |
| | | നൂറ്റി അൻപതിൽ കൂടുതൽ കുട്ടികൾ | അഞ്ച്, അധികം ഒരു പ്രധാന അദ്ധ്യാപകൻ |
| | | ഇരുന്നൂറിൽ കൂടുതൽ കുട്ടികൾ | വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം (പ്രധാന അദ്ധ്യാപകനൊഴികെ) നാല്പതിൽ കൂടാൻ പാടില്ല. |
| | (ഖ) ആറാം ക്ലാസുമുതൽ എട്ടാംക്ലാസു വരെയുള്ളതിന് | (1) ഓരോ ക്ലാസിനും കുറഞ്ഞത് ഒരു അദ്ധ്യാപകൻ—<br>(i) ശാസ്ത്രവും ഗണിതവും;<br>(ii) സാമൂഹ്യശാസ്ത്രം;<br>(iii) ഭാഷകൾ<br>എന്നിവയ്ക്ക് ഓരോന്നിനും കുറഞ്ഞത് ഒരദ്ധ്യാപകൻ വരത്തക്കവിധം<br>(2) ഓരോ മുപ്പത്തിയഞ്ച് കുട്ടികൾക്കും കുറഞ്ഞത് ഒരദ്ധ്യാപകൻ.<br>(3) കുട്ടികളുടെ പ്രവേശനം നൂറിൽ കൂടുതലായിരിക്കുന്നിടത്ത്—<br>(i) ഒരു ഫുൾടൈം പ്രധാനാദ്ധ്യാപകൻ;<br>(ii) (ക) കലാശിക്ഷണം;<br>(ഖ) ആരോഗ്യ-കായിക ശിക്ഷണം;<br>(ഗ) തൊഴിൽ ശിക്ഷണം;<br>എന്നിവയ്ക്കുവേണ്ടി പാർട്ട് ടൈം ഇൻസ്ട്രക്റ്റർമാർ. | |

| | |
|---|---|
| 2. കെട്ടിടം | (i) ഒരദ്ധ്യാപകന് കുറഞ്ഞത് ഒരു ക്ലാസ്മുറിയും ഒരു ആഫീസും സ്റ്റോറും കൂടിയാകാവുന്ന പ്രധാനാദ്ധ്യാപകന്റെ മുറിയും; |
| | (ii) തടസ്സരഹിത പ്രവേശനം; |
| | (iii) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ശൗചാലയം; |
| | (iv) എല്ലാകുട്ടികൾക്കും സുരക്ഷിതവും പര്യാപ്തവുമായ കുടിവെള്ള സൗകര്യം; |
| | (v) സ്കൂളിൽ ഉച്ചഭക്ഷണം പാചകം ചെയ്യുന്ന ഒരു അടുക്കള; |
| | (vi) കളിസ്ഥലം; |
| | (vii) സ്കൂൾ കെട്ടിടം അതിർത്തി മതിലോ വേലിയോകൊണ്ട് സുരക്ഷിതമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ; |
| | എന്നിവ ഉൾപ്പെടുന്ന എല്ലാ കാലാവസ്ഥയ്ക്കും യോജിച്ച കെട്ടിടം. |
| 3. ഒരു അദ്ധ്യയന വർഷത്തെ പ്രവൃത്തി ദിനങ്ങൾ/ബോധന മണിക്കൂറുകളുടെ ഏറ്റവും കുറഞ്ഞ എണ്ണം | (i) ഒന്നാം ക്ലാസ്സു മുതൽ അഞ്ചാം ക്ലാസ്സ് വരെ ഇരുന്നൂറ് പ്രവൃത്തി ദിനങ്ങൾ ; |
| | (ii) ആറാം ക്ലാസ്സു മുതൽ എട്ടാം ക്ലാസ്സ് വരെ ഇരുന്നൂറ്റി ഇരുപത് പ്രവൃത്തി ദിനങ്ങൾ ; |
| | (iii) ഒന്നാം ക്ലാസ്സു മുതൽ അഞ്ചാം ക്ലാസ് വരെ ഒരു അദ്ധ്യയന വർഷം എണ്ണൂറ് ബോധന മണിക്കൂറുകൾ; |
| | (iv) ആറാം ക്ലാസ്സു മുതൽ എട്ടാം ക്ലാസ് വരെ ഒരു അദ്ധ്യയന വർഷം ആയിരം ബോധന മണിക്കൂറുകൾ. |
| 4. അദ്ധ്യാപകന് ഒരാഴ്ചത്തെ ഏറ്റവും കുറഞ്ഞ പ്രവൃത്തി മണിക്കൂറുകൾ | തയ്യാറെടുപ്പ് ഉൾപ്പെടെ നാല്പത്തിയഞ്ച് അദ്ധ്യാപന മണിക്കൂറുകൾ. |
| 5. അദ്ധ്യാപന-പഠന ഉപകരണം | ഓരോ ക്ലാസ്സിനും വേണ്ടത്ര ലഭ്യമാക്കേണ്ടതാണ്. |
| 6. ഗ്രന്ഥശാല | ഓരോ സ്കൂളിലും വർത്തമാനപത്രം, മാഗസീനുകൾ, കഥാപുസ്തകങ്ങൾ ഉൾപ്പെടെ എല്ലാ വിഷയങ്ങളിലുമുള്ള പുസ്തകങ്ങളും ലഭ്യമാക്കുന്ന ഒരു ഗ്രന്ഥശാല ഉണ്ടായിരിക്കേണ്ടതാണ്. |
| 7. കളിക്കോപ്പ്, ഗെയിംസിനും സ്പോർട്ട്സിനുമുള്ള ഉപകരണം | ഓരോ ക്ലാസ്സിനും വേണ്ടത്ര ലഭ്യമാക്കേണ്ടതാണ്. |

# THE RIGHT OF CHILDREN TO FREE AND COMPULSORY EDUCATION ACT, 2009

## (ACT No. 35 of 2009)

## സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009

(2009-ലെ 35-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | |
|---|---|---|---|
| 1. | Apprise | അറിയിക്കുക | Sn. 24 (1) (e) |
| 2. | At par | സമാനത | Sn. 4 (1st Proviso) |
| 3. | Building up | ക്രമേണ വർദ്ധിപ്പിക്കൽ | Sn. 29 (2) (c) |
| 4. | Capacity building | ശേഷി ആർജ്ജിക്കൽ | Sn. 7 (6) (c) |
| 5. | Concurrent | സമവർത്തിയായ | Sn. 7 (1) |
| 6. | Enshrined | പ്രതിഷ്ഠാപിതമായ | Sn. 29 (2) (a) |
| 7. | Hold back | നിലനിർത്തുക | Sn. 16 |
| 8. | Instructional hours | ബോധന മണിക്കൂറുകൾ | Schedule |
| 9. | Teacher Education | അദ്ധ്യാപക ശിക്ഷണം | Sn. 23 (2) |
| 10. | Ward | രക്ഷാധീനൻ | Sn. 10 |